# വയലാർ രാമവർമ്മ സാഹിത്യ അവാർഡ് 1977

---

Kumar
4/10/77


സെക്രട്ടറി
വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റ്
മെഡിക്കൽ കോളേജ് പി. ഒ.
തിരുവനന്തപുരം-695011


1977ലെ വയലാർ രാമവർമ്മ സാഹിത്യ അവാർഡിന് പരിഗണിക്കപ്പെടുന്ന അഞ്ചു പുസ്തകങ്ങളും ഞാൻ പരിശോധിച്ചു. അവയ്ക്ക് താഴെ കാണിച്ചിട്ടുള്ള മുൻഗണനാക്രമം നൽകുന്നു. കൃതികളെ കുറിച്ചുള്ള ഗുണദോഷനിരൂപണവും ഗ്രന്ഥകാരന്റെ മൊത്തം സാഹിത്യസംഭാവനയെക്കുറിച്ചുള്ള വിലയിരുത്തലുംകൂടെ ചേർത്തിട്ടുണ്ട്.

സ്ഥലം തിരുവനന്തപുരം-14

ഒപ്പ്

തീയതി 1-10-77

പേര് ഡോ. വെള്ളായണി അർജ്ജുനൻ

Dr. Vellayani Arjunan,
Director,
State Institute of Encyclopaedic
Publications,
Trivandrum.

P.T.O

ഏ ഒന്നാം റാങ്ക് (First Rank)

(1) കൃതിയുടെ പേരു്　　　　ഗ്രന്ഥകർത്താവിൻെറ പേരു്

യന്ത്രം.　　　　മലയാററൂർ രാമകൃഷ്ണൻ.

(2) കൃതിയെ കുറിച്ചുള്ള ഗുണദോഷനിരൂപണവും ഗ്രന്ഥകർത്താവിൻെറ സാഹിത്യസംഭാവനയെക്കുറിച്ചുള്ള വിലയിരുത്തലും

അസാധാരണമായ കല്പനാവൈഭവ-
വും അനുഭവജ്ഞാനവും തികച്ചും സ്വതന്ത്രമായ കാഴ്ചപ്പാടു-
സ്വന്തമായ ശൈലീവൈദഗ്ദ്ധ്യവും ശ്രീ മലയാററൂരിന്റെ കൃതി-
കളിൽ കണ്ടെത്തുവാൻ സാധിക്കും. മഞ്ഞ്, വേരുകൾ
തുടങ്ങിയ നോവലുകളിലെല്ലാം ഈ വസ്തുത തെളിഞ്ഞു
നില്ക്കുന്നു. സമകാലീന ജീവിതത്തിന്റെ ചലനങ്ങൾ
കലാത്മകമായി ആവിഷ്കരിക്കുവാനും, അനുവാചകനെ
ഒരു പുതിയ ലോകത്തിലേക്കു പിടിച്ചു കയററി ചിന്തി-
പ്പിക്കുവാനും ഈ നോവലിസ്റ്റിനു സാധിക്കുന്നു.
ഈ ഗ്രന്ഥകാരന്റെ കൃതികൾ വായിച്ചു കഴിയുമ്പോൾ,
നാം പിന്നിട്ട മുഹൂർത്തങ്ങളിലേക്കു വീണ്ടും വീണ്ടും
തിരിഞ്ഞു നോക്കി നെടുവീർപ്പിടാനും. വിമ്മിട്ടപ്പെടാനും
ആശ്വസിക്കാനും അഭിമാനിക്കാനും. അനുമാനങ്ങൾ
തിരുത്തിക്കുറിക്കാനും ഇടവരുന്ന മാനസിക സ്ഥിതി
ഉളവാക്കുന്നു. 'യന്ത്രം' എന്ന ഉത്തമകൃതി വായി-
ച്ചപ്പോഴും ഈ അനുഭവമുണ്ടായി. തികച്ചും അപരിചിത-
മായ ഒരു വിഷയം, മററു പലർക്കും അജ്ഞാതമായ ഒരു മേഖല,
മററാർക്കും സാധിക്കാത്ത തരത്തിലുള്ള ചിത്രീകരണം —
ഇവയെല്ലാം ഈ നോവലിന്റെ മേന്മകളാണ്. സ്വാതന്ത്ര്യ-
ലബ്ധിക്കു ശേഷമുള്ള ഇന്ത്യയിലെ സിവിൽ ഭരണത്തിന്റെ, പൊയ്മു-
നേട്ടങ്ങളും കോട്ടങ്ങളും പൊരുത്തക്കേടുകളും
ബന്ധവും ഈ കൃതിയിൽ നമുക്കു കാണാം. കൂടാതെ,
നല്ല ഇരുത്തം വന്ന ചിന്തയും പിരിമുറുക്കമുള്ള ആവിഷ്കര-
ണ രീതിയും അനനുകരണീയമായ ശൈലിയും ഈ കൃതിയെ
മലയാളത്തിലെ ഏററവും മികച്ച നോവലാക്കിത്തീർത്തിരിക്കു-
ന്നു. ശ്രീ മലയാററൂരിന്റെ ഇതഃപര്യന്തമുള്ള സാഹിത്യസംഭാ-
വനകളെയും ഈ കൃതിയുടെ സവിശേഷതകളെയും പരിഗണി-
ക്കുമ്പോൾ വയലാർ രാമവർമ്മ അവാർഡിന് 'യന്ത്രം' അർഹമായി—
ത്തീരുന്നു. ഈ നോവലിന് ഞാൻ പ്രഥമ പരിഗണന
നൽകുന്നു.

ബി. രണ്ടാം റാങ്ക് (Second Rank)

(1) കൃതിയുടെ പേര് — ഗ്രന്ഥകർത്താവിന്റെ പേര്

ഇനി ഞാനുറങ്ങട്ടെ. — പി. കെ. ബാലകൃഷ്ണൻ.

(2) കൃതിയെ കുറിച്ചുള്ള ഗുണദോഷനിരൂപണവും ഗ്രന്ഥകർത്താവിന്റെ സാഹിത്യ സംഭാവനയെക്കുറിച്ചുള്ള വിലയിരുത്തലും.

ശ്രീ പി. കെ. ബാലകൃഷ്ണന്റെ 'ഇനി ഞാനുറങ്ങട്ടെ' എന്ന കൃതിയുടെ ഉള്ളടക്കം അതിപുരാതനമാണെങ്കിലും ആവിഷ്കരണ രീതി തികച്ചും നൂതനമാണ്. ഗ്രന്ഥകാരന്റെ ഭാഷാവിധ രചനാവൈദഗ്ധ്യങ്ങളും ഇതിൽ പ്രതിഫലിക്കുന്നുണ്ട്. കഥാപാത്രങ്ങളുടെ മാനസിക വിശ്ലേഷണത്തിലൂടെ അഗാധതകളുടെ ഗോപുരങ്ങൾ തുറന്നു കാണിക്കുവാൻ ഗ്രന്ഥകാരന് സാധിച്ചിരിക്കുന്നു. മഹാഭാരതകഥയ്ക്ക് സ്വന്തമായൊരു വ്യാഖ്യാനം നൽകാൻ ഇതിന്റെ രചയിതാവ് നടത്തിയിരിക്കുന്ന ശ്രമം തികച്ചും വിജയിച്ചിട്ടുണ്ടെങ്കിലും, വിഷയം സ്വന്തമല്ലാത്തതിനാൽ, മൗലികത്വമില്ലാത്തതിനാൽ ഈ കൃതിക്ക് രണ്ടാം സ്ഥാനമേ നൽകാൻ നിവൃത്തിയുള്ളൂ.

സി. മൂന്നാം റാങ്ക് (Third Rank)

(1) കൃതിയുടെ പേര് ഗ്രന്ഥകർത്താവിന്റെ പേര്

അഗ്നിസാക്ഷി. ശ്രീമതി ലളിതാംബിക അന്തർജ്ജനം

(2) കൃതിയെ കുറിച്ചുള്ള ഗുണദോഷ നിരൂപണവും ഗ്രന്ഥകർത്താവിന്റെ സാഹിത്യ സംഭാവനയെ കുറിച്ചുള്ള വിലയിരുത്തലും

പുതിയൊരു പ്രമേയത്തിലൂടെ ചില സാമൂഹികസത്യങ്ങളിലേക്ക് അനുവാചകരെ ഗാഢാകർഷിച്ചു കൊണ്ടുപോകുന്ന ഈ നോവലിന് വളരെയധികം കാലിക പ്രാധാന്യമുണ്ട്. നൂറ്റാണ്ടുകളായി സമൂഹത്തിൽ ഇഴുകിപ്പിടിച്ചു കിടക്കുന്ന യാഥാസ്ഥിതിക മനോഭാവത്തിന്റെയും, അന്ധവിശ്വാസത്തിന്റെയും, ഫ്യൂഡൽ വ്യവസ്ഥിതിയിൽ പെട്ട് നട്ടം തിരിയുന്ന അനേകം മനുഷ്യജീവികളുടെയും ദുഃഖനിമഗ്നമായ കഥ ഈ നോവലിൽ നാം കണ്ടെത്തുന്നു. പ്രതിപാദനവും ഹൃദ്യമാണ്. ഇതിലും ചിന്തയിൽ ആഴം കാണാനില്ല, കാഴ്ചപ്പാടിൽ വിഷയവിശാലത കാണാനില്ല, വികാരതീവ്രമായ ഒരു പ്രമേയമുണ്ട് കൈകാര്യം ചെയ്യുന്നതിലും മനസ്സിൽ കൊള്ളിക്കാനിട വരുന്നില്ല. അതുകൊണ്ട് മലയാറ്റൂരിന്റെയും പൊറ്റക്കാട്ടിന്റെയും കൃതികളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതിനു മൂന്നാം റാങ്ക് കൊടുക്കാനേ നിർവാഹമുള്ളൂ.

ഡി. നാലാം റാങ്ക് (Fourth Rank)

(1) കൃതിയുടെ പേര് | ഗ്രന്ഥകർത്താവിൻെറ പേര്

അക്ഷരം. | ഒ. എൻ. വി. കുറുപ്പ്.

(2) കൃതിയെ കുറിച്ചുള്ള ഗുണദോഷ നിരൂപണവും ഗ്രന്ഥകർത്താവിൻെറ സാഹിത്യ സംഭാവനയെ കുറിച്ചുള്ള വിലയിരുത്തലും

അറിയപ്പെട്ട പ്രതിഭാധനനായ ഒരു കവി-
യാണ് ഒ. എൻ. വി. കുറുപ്പ്. 'അക്ഷരം' എന്ന ആ
കവിതാസമാഹാരത്തിൽപ്പെട്ട 20 കവിതകളും ഞാൻ
ശ്രദ്ധാപൂർവം വായിച്ചു. മേന്മയേറിയ പല കവിതകളും
ആ സമാഹാരത്തിലുണ്ട്. ചില അനുകരണ
ങ്ങളും ഇതിൽ സ്ഥലം പിടിച്ചിട്ടുണ്ട്. ഫീനിക്സ്
എന്ന കവിത ഇതിനുദാഹരണം. ഇത് ഒരു
ഇംഗ്ലീഷ് കവിതയുടെ സ്വതന്ത്രമായ അനുകരണമാണ്.
പണ്ടൊരിക്കൽ ഞാൻ വായിച്ചിട്ടുള്ള ആ കവിത-
യുടെ അനുരണനങ്ങൾ പോലും ഇതിൽ നിറ-
ഞ്ഞുനിന്നതായി തോന്നുന്നു. ഉദാഹരണങ്ങൾ നിര-
ത്താൻ സ്ഥലദൗർലഭ്യം നിമിത്തം ഒരുമ്പെടുന്നില്ല.
മനോഹരങ്ങളായ വാങ്മയ
ചിത്രങ്ങളും കല്പനകളും കൊണ്ട് സുകുമാരമാണ്
ബാഹ്യസൗന്ദര്യസമ്പൂർണ്ണമാണെങ്കിലും;
പല കവിതകളും. എങ്കിലും ആശയത്തിന്റെ ആഴവും
ആന്തരിക സൗന്ദര്യവും, — നിർവ്യാജത — നല്ലൊ
അത്ഭുതം ഉളവാക്കുന്ന നിസ്തുലത — സുന്ദരമായ ജീവിത
വീക്ഷണം. പലപ്പോഴും വ്യക്തമായ സന്ദേശമോ
ദർശനമോ കവിതയിൽ ഇല്ലെന്ന് തോന്നിപ്പോകുന്നു. കൊടുങ്കാറ്റിൽപ്പെട്ട്
ഇല പോലെ ഉലഞ്ഞുപോകുന്ന തത്ത്വസംഹിതകളുടെ
ചിതറിയ ചിന്തകളാണ് അധികവും! ഇക്കാരണ
ത്താൽ ആ കൃതിക്ക് നാലാം സ്ഥാനം നൽകാനേ
നിശ്ചയിക്കുന്നു.

**ഇ. അഞ്ചാം റാങ്ക് (Fifth Rank)**

(1) കൃതിയുടെ പേര് — ഗ്രന്ഥകർത്താവിന്റെ പേര്

അയ്യപ്പപ്പണിക്കരുടെ കൃതികൾ — കെ. അയ്യപ്പപ്പണിക്കർ

(2) കൃതിയെ കുറിച്ചുള്ള ഗുണദോഷനിരൂപണവും ഗ്രന്ഥകർത്താവിന്റെ സാഹിത്യ സംഭാവനയെ കുറിച്ചുള്ള വിലയിരുത്തലും

ഏതാനും പരീക്ഷണ കവിതകളുടെ സമാഹാരമാണ് ഈ കൃതി. പല കവിതകളും [illegible] പോലെ വികൃതവും അർത്ഥശൂന്യവുമായിത്തോന്നി. [illegible] വൈരൂപ്യം തോന്നിപ്പിക്കുന്ന അശ്ലീലത നിറഞ്ഞ വിഷയങ്ങളും കവിയെ പ്രചോദിപ്പിച്ചതായി കാണുന്നു. രൂപപരം. കവിതകളും എസ്രാപൗണ്ടിന്റെയും ടി. എസ്. എലിയട്ടിന്റെയും ഡിലൻ തോമസിന്റെയും അറാം സരോയന്റെയും അനുകരണങ്ങളാണ്. 'മൃത്യുപൂജ' എന്ന കവിത സാമുവൽ ബെക്കറ്റിന്റെ മരണവേദാന്തത്തിന്റെ ഉൾബോധം [illegible]. 'കുരുക്ഷേത്രം' എലിയട്ടിന്റെ Wasteland ന്റെ ദുർബലമായ അനുകരണമായി തോന്നുന്നു. പക്ഷേ, ഒരു കാര്യം ഞാൻ വിസ്മരിക്കുന്നില്ല. ഈ കവിക്ക് നല്ല കവിത എഴുതാൻ സാധിക്കും. സദ്വാസനയുണ്ട്. നിർഭാഗ്യവശാൽ ആ വാസനാവൈഭവം പുതിയ പ്രസ്ഥാനത്തിന്റെ പ്രണേതാവാകണമെന്ന വ്യഗ്രതമൂലം വികലമാക്കിത്തീർത്തിരിക്കുന്നു. ഈ കാരണങ്ങളാൽ ഈ കൃതിയ്ക്കു അഞ്ചാം സ്ഥാനം നൽകാൻ ഞാൻ നിർബ്ബന്ധിതനായിത്തീർന്നിരിക്കുന്നു.

ഒപ്പ് [signature]

പേര് ഡോ. വെള്ളായണി അർജ്ജുനൻ.

മേൽവിലാസം

Dr. Vellayani Arjunan,
Director,
State Institute of Encyclopaedic Publications,
Trivandrum.